Kerala Gazette No. 10 dated 9th March 2021.
**PART I** **Section iii**

# കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

## വിജ്ഞാപനം

2020 ജൂൺ 29
നമ്പർ 9042/ലെഗ്.ബി2/2020/നിയമം. തിരുവനന്തപുരം, 1195 മിഥുനം 15
1942 ആഷാഢം 8.

2020 ജൂൺ 27-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു, പി. കെ.,
നിയമ സെക്രട്ടറി.

## 2020-ലെ 36-ാം നമ്പർ ഓർഡിനൻസ്

# 2020-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം സംബന്ധിച്ചും അവരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ചും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2020-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "സർവ്വീസുകൾ" എന്നാൽ വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു;

(ഡി) "വഖഫ് ബോർഡ്" എന്നാൽ 1995-ലെ വഖഫ് ആക്റ്റിലെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന വഖഫ് ബോർഡ് എന്നർത്ഥമാകുന്നു.

3. വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനു വേണ്ടി മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) വഖഫ് ബോർഡ്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) വഖഫ് ബോർഡിനു കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും;

(ബി) വഖഫ് ബോർഡിനു കീഴിലെ ഭരണപരമായ സർവ്വീസുകളിൻ കീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കേണ്ടതും, അപ്രകാരം കൂടിയാലോചിക്കപ്പെടുന്ന ഏതൊരു കാര്യത്തിൻമേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതുമാണ്:

എന്നാൽ, സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും വഖഫ് ബോർഡും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ള പക്ഷം, വഖഫ് ബോർഡ് ആ കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനു മുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ഓർഡിനൻസിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും വഖഫ് ബോർഡുമായും കൂടിയാലോചിച്ച്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് വഖഫ് ബോർഡ് അനുവർത്തിക്കേണ്ടതായ നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന കാര്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി;

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ഓർഡിനൻസിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസകാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

---